2026
OCTOBER
07
WEDNESDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper

# ഏറ്റവും വലിയ ഐപിഒയ്ക്ക് ജിയോ പ്ലാറ്റ്ഫോംസ്

**മുംബൈ:** മുകേഷ് അംബാനിയുടെ ജിയോ പ്ലാറ്റ്ഫോംസ് ഒക്ടോബർ 21ന് തങ്ങളുടെ ഐപിഒ ആരംഭിക്കാൻ പദ്ധതിയിടുന്നു. ഏകദേശം 3.8 ബില്യൺ ഡോളർ സമാഹരിക്കാനാണ് ഈ ഐപിഒ ലക്ഷ്യമിടുന്നത്. ഇതോടെ ഇത് ഇന്ത്യയിലെ ഏറ്റവും വലിയ ഓഹരി വിൽപനയായി മാറും.

2024ൽ നടന്ന ഹ്യുണ്ടായ് മോട്ടോർ ഇന്ത്യയുടെ 2.9 ബില്യൺ ഡോളറിന്റെ ലിസ്റ്റിംഗാണ് നിലവിൽ ഇന്ത്യയിലെ ഏറ്റവും വലിയ ഐപിഒ. കൂടാതെ, നാഷണൽ സ്റ്റോക്ക് എക്സ്ചേഞ്ച് ഓഫ് ഇന്ത്യ കഴിഞ്ഞ മാസം 2.3 ബില്യൺ ഡോളറിന്റെ ഐപിഒയിലൂടെ വിപണിയിൽ അരങ്ങേറ്റം കുറിച്ചിരുന്നു.




ഐപിഒയിലൂടെ ലഭിക്കുന്ന തുക പ്രധാനമായും കമ്പനിയുടെ ടെലികോം വിഭാഗത്തിന്റെ കടങ്ങൾ വീട്ടാനാണ് ഉപയോഗിക്കുക. മെറ്റാ, ഗൂഗിൾ ഉൾപ്പടെയുള്ള മുൻനിര വിദേശ നിക്ഷേപകരുള്ള ജിയോ പ്ലാറ്റ്ഫോംസ് എഐ, ക്ലൗഡ്, എന്റർപ്രൈസ് നെറ്റ്വർക്ക് ബിസിനസുകളും നടത്തുന്നുണ്ട്.

ഈ വർഷം ഏപ്രിൽ മുതൽ സെപ്റ്റംബർ വരെയുള്ള കാലയളവിൽ ഇന്ത്യയിലെ ഓഹരിവിപണിയിലേക്ക് ധാരാളം കമ്പനികളാണ് എത്തിയത്. ഈ സമയപരിധിയിൽ സമാഹരിച്ച തുക എക്കാലത്തെയും വലിയ റിക്കാർഡാണ്.

ഇൻഫർമേഷൻ പ്രൊവൈഡറായ പ്രൈം ഡാറ്റാബേസിന്റെ കണക്കനുസരിച്ച്, ഏകദേശം 250ഓളം കമ്പനികൾ ഐപിഒ വഴി ആകെ 4.65 ലക്ഷം കോടി രൂപ (48 ബില്യൺ ഡോളർ) സമാഹരിക്കാൻ തയാറെടുക്കുന്നുണ്ട്.

ഡാനിഷ് ബ്രൂവറായ കാൾസ്ബെർഗിന്റെ ഇന്ത്യൻ വിഭാഗവും ഹോട്ടൽ അഗ്രിഗേറ്ററായ ഓയോയുടെ മാതൃ കമ്പനിയായ പ്രിസവും ഇതിൽ ഉൾപ്പെടുന്നു.

# ക്രൂഡ് ഇറക്കുമതിയിൽ റെക്കോഡ്: കൂടുതലുമെത്തിയത് ഇറാഖിൽനിന്ന്

**ന്യൂദൽഹി:** സെപ്റ്റംബറിലെ ക്രൂഡ് ഓയിൽ ഇറക്കുമതിയിൽ സർവകാല റെക്കോഡ്. ശരാശരി പ്രതിദിന ഇറക്കുമതി 52 ലക്ഷം ബാരലായി. ഗൾഫ് രാജ്യങ്ങളിൽനിന്നുള്ള എണ്ണ വിതരണത്തിൽ അപ്രതീക്ഷിത വർധനവുണ്ടായതാണ് കാരണം. ഫെബ്രുവരി 28ന് യു.എസ്.ഇറാൻ സംഘർഷം ആരംഭിച്ചതിനുശേഷം ഇന്ത്യയിലേക്ക് എണ്ണ വിതരണം ചെയ്യുന്ന രാജ്യങ്ങളിൽ ഇറാഖ് റഷ്യക്കു തൊട്ടുപിന്നിലെത്തി.

ഹോർമുസ് കടലിടുക്കിലെ ആക്രമണ ഭീഷണികൾക്കിടയിലും ഗൾഫ് ഉത്പാദകരും ആഗോള വ്യാപാരികളും സ്വീകരിച്ച പ്രത്യേക ഗതാഗതനീക്കമാണ് വിതരണം പുനഃസ്ഥാപിക്കാൻ സഹായിച്ചത്. കപ്പലുകളുടെ 'ഓട്ടോമാറ്റിക് ഐഡന്റിഫിക്കേഷൻ സിസ്റ്റം' (എ.ഐ.എസ്.) ഓഫ് ചെയ്ത് ഹോർമുസ് കടലിടുക്ക് കടക്കുകയും യു.എ.ഇ., ഒമാൻ ജലാശയങ്ങളിൽ വെച്ച് ' ഷിപ്പ്ടുഷിപ്പ്' (എസ്.ടി.എസ്.) വഴി ചരക്കു കൈമാറ്റം നടത്തുകയുമാണ് ചെയ്യുന്നത്.

യു.എസ്. അടുത്തിടെ പാസാക്കിയ തീരുവ (ഗ്രഹാം ബിൽ) റഷ്യൻ എണ്ണ വാങ്ങുന്ന രാജ്യങ്ങൾക്കുമേൽ ഉയർന്ന താരിഫ് ഭീഷണി ഉയർത്തുന്ന സാഹചര്യത്തിൽ, ഗൾഫ് എണ്ണയുടെ ലഭ്യത ഇന്ത്യൻ കമ്പനികൾക്ക് ആശ്വാസമായി.

കമ്മോഡിറ്റി അനലിറ്റിക്സ് സ്ഥാപനമായ കപ്ലർ പുറത്തുവിട്ട വിവരങ്ങൾ പ്രകാരം സെപ്റ്റംബറിൽ ഇന്ത്യയുടെ ആകെ ക്രൂഡ് ഓയിൽ ഇറക്കുമതിയുടെ 39 ശതമാനം സൗദി അറേബ്യ, ഇറാഖ്, യു.എ.ഇ., കുവൈത്ത്, ഒമാൻ, ഖത്തർ എന്നീ രാജ്യങ്ങളിൽനിന്നായിരുന്നു.

ഗൾഫ് രാജ്യങ്ങളിൽനിന്നുള്ള അസംസ്കൃത എണ്ണ ശുദ്ധീകരിക്കാൻ പാകത്തിലാണ് രാജ്യത്തെ എണ്ണ ശുദ്ധീകരണ ശാലകൾ രൂപകല്പന ചെയ്തിട്ടുള്ളത്. അതുകൊണ്ടുതന്നെ ഗൾഫിൽനിന്നുള്ള വിതരണം പുനഃസ്ഥാപിച്ചത് കമ്പനികൾക്ക് നേട്ടമായി.




# ഇൻഡിഗോ വിമാന ടിക്കറ്റ് നിരക്കുകൾ കുത്തനെ കൂടും

**ന്യൂദൽഹി:** പശ്ചിമേഷ്യൻ സംഘർഷങ്ങളെത്തുടർന്ന് ആഗോളതലത്തിൽ ജെറ്റ് ഇന്ധനവില വർധിച്ച സാഹചര്യത്തിൽ പ്രമുഖ വിമാനക്കമ്പനിയായ ഇൻഡിഗോ ഇന്ധന സർചാർജ് വീണ്ടും കൂട്ടി.

റൂട്ടും യാത്രാദൂരവും അനുസരിച്ച് 375 രൂപ മുതൽ 10,000 രൂപ വരെയാണു സർചാർജ് വർധിപ്പിച്ചത്. നിലവിൽ രാജ്യത്തെ ആഭ്യന്തര വിമാനഗതാഗതത്തിന്റെ മൂന്നിൽ രണ്ടു ഭാഗവും കൈകാര്യം ചെയ്യുന്നത് ഇൻഡിഗോ ആയതിനാൽ ഈ തീരുമാനം ആഭ്യന്തര യാത്രികരെയും പ്രവാസികളെയും ഒരുപോലെ പ്രതികൂലമായി ബാധിക്കും.

കഴിഞ്ഞ മാസത്തെ അപേക്ഷിച്ച് എവിയേഷൻ ടർബൈൻ ഫ്യുവൽ വിലയിൽ 14 ശതമാനത്തിലധികം വർധനവാണുണ്ടായത്. വിമാനക്കമ്പനികളുടെ പ്രവർത്തനച്ചെലവിന്റെ 40 ശതമാനത്തോളം ഇന്ധനച്ചെലവായതിനാൽ സാമ്പത്തികഭദ്രത നിലനിർത്താനാണ് ഈ വർധനയെന്ന് കമ്പനി വ്യക്തമാക്കി.

ആഭ്യന്തര സർവീസുകൾക്ക് 500 കിലോമീറ്ററിൽ താഴെയുള്ള റൂട്ടുകൾക്ക് 425 രൂപ, 501–1000 കിലോമീറ്ററിനുള്ള റൂട്ടുകൾക്ക് 600 രൂപ, 1001–1500 കിലോമീറ്റർ റൂട്ടുകൾക്ക് 900 രൂപ, 1501–2000 കിലോമീറ്റർ റൂട്ടുകൾക്ക് 1,150 രൂപ, 2000 കിലോമീറ്ററിന് മുകളിലുള്ള റൂട്ടുകൾക്ക് 1,300 രൂപ എന്നിങ്ങനെയാണ് ഇന്നുമുതൽ ഇന്ധന സർചാർജ് ഈടാക്കുക.

500 കിലോമീറ്ററിനുള്ളിലെ സാർക്ക് മേഖലയ്ക്ക് 500 രൂപ, 500 കിലോമീറ്ററിനു മുകളിലുള്ള സാർക്ക് മേഖലയ്ക്ക് 1,000 രൂപ, തെക്കുകിഴക്കൻ ഏഷ്യ, യുഎഇ ഉൾപ്പടെയുള്ള പശ്ചിമേഷ്യ, വടക്കുകിഴക്കൻ ഏഷ്യ എന്നിവിടങ്ങളിൽ 5,500 രൂപ, ആഫ്രിക്കയ്ക്ക് 6,000 രൂപ, യൂറോപ്പിന് 10,000 രൂപ എന്നിങ്ങനെയാണ് അന്താരാഷ്ട്ര സർവീസുകൾക്കുള്ള പുതുക്കിയ ഇന്ധന സർചാർജ്.




# ഉപയോക്താക്കൾക്ക് യുപിഐ സൗജന്യമായി തുടരും: എൻപിസിഐ

**തിരുവനന്തപുരം:** ഉപയോക്താക്കൾക്കും ചെറുകിട വ്യാപാരികൾക്കും അധിക സാമ്പത്തിക ബാധ്യതയില്ലാതെ യുപിഐ സംവിധാനത്തെ ശക്തിപ്പെടുത്തുന്നതിനാണ് യുപിഐ വ്യാപാരി ഡിസ്കൗണ്ട് നിരക്കെന്ന് (എംഡിആർ) നാഷണൽ പേയ്മെന്റ്സ് കോർപ്പറേഷൻ ഓഫ് ഇന്ത്യ ചീഫ് ഓഫ് മാർക്കറ്റിംഗ് രമേഷ് യാദവ്.

വ്യക്തിഗത യുപിഐ ഉപയോക്താക്കൾക്ക് സൗജന്യമായി തുടരും. എംഡിആറോ ഇടപാട് ചാർജോ ഇല്ലാതെ വ്യാപാരികൾക്ക് പണമടയ്ക്കാനും സുഹൃത്തുക്കൾക്കും കുടുംബാംഗങ്ങൾക്കും പണം കൈമാറാനും ഉപയോക്താക്കൾക്ക് കഴിയും.




എല്ലാ യുപിഐ ഇടപാടുകൾക്കും എംഡിആർ ബാധകമല്ല. 2,000 രൂപയ്ക്കു മുകളിലുള്ള വ്യാപാരി ഇടപാടുകൾക്ക് മാത്രമാണ് എംഡിആർ ബാധകം. ഈ പരിധി വ്യാപാരി ഒരു ദിവസം ആകെ സ്വീകരിക്കുന്ന തുകയ്ക്കല്ല, ഓരോ ഇടപാടിനുമാണ് ബാധകമാകുന്നത്. അതിനാൽ 2,000 രൂപയിൽ താഴെയുള്ള ഒന്നിലധികം പേയ്മെന്റുകൾ എംഡിആർ ഇല്ലാതെ വ്യാപാരികൾക്ക് സ്വീകരിക്കാം. സ്വന്തം ബാങ്ക് അക്കൗണ്ടിലേക്ക് യുപിഐ വഴി പ്രതിമാസം ഒരു ലക്ഷം രൂപ വരെ സ്വീകരിക്കുന്ന വഴിയോര കച്ചവടക്കാർക്കും ചെറുകിട കടകൾക്കും എംഡിആർ തുടർന്നും പൂജ്യമായിരിക്കും. ഇതുവഴി അധിക ചെലവില്ലാതെ ഡിജിറ്റൽ പേയ്മെൻറുകൾ സ്വീകരിക്കാൻ ചെറുകിട വ്യാപാരികൾക്ക് കഴിയും.

വിദ്യാഭ്യാസം, ഇന്ധനം, ഇൻഷ്വറൻസ്, ടെലികോം, റെയിൽവേ തുടങ്ങിയ മേഖലകളിൽ 2,000ന് മുകളിലുള്ള ഓരോ ഇടപാടിനും പരമാവധി അഞ്ച് എന്ന ഏകീകൃത എംഡിആർ ആയിരിക്കും ബാധകം. പ്രധാനമായി, എംഡിആർ വ്യാപാരികളാണ് വഹിക്കേണ്ടത്; ഉപയോക്താക്കളിൽ നിന്ന് ഈടാക്കാൻ കഴിയില്ല. എംഡിആർ വഴി ലഭിക്കുന്ന തുകയുടെ ഏകദേശം അഞ്ചു ശതമാനം പ്രത്യേക ഫണ്ടിലേക്കു മാറ്റാനാണ് നിർദേശം.

പേയ്മെന്റ് അടിസ്ഥാനസൗകര്യം ശക്തിപ്പെടുത്താനും വ്യാപാരികളെ ഡിജിറ്റൽ സംവിധാനത്തിലേക്കു കൊണ്ടുവരാനും ടിയർ മൂന്നു മുതൽ ടിയർ ആറ് നഗരങ്ങളിൽ ഡിജിറ്റൽ പേയ്മെന്റ് വ്യാപനം വേഗത്തിലാക്കാനുമാണ് ഈ ഫണ്ട് ഉപയോഗിക്കുക.

സൊസൈറ്റി ടുഡേ
SOCIETY TODAY

# 6000 സ്കൂളുകളിൽ ഡിജിറ്റൽ സ്ക്വയർ സ്ഥാപിച്ചു

**കുന്നന്താനം:** എൽപി, യുപി വിദ്യാഭ്യാസം ഡിജിറ്റൈസ് ചെയ്യുക, കംപ്യൂട്ടർവത്കൃത വിദ്യാഭ്യാസം ഉറപ്പാക്കുക എന്നീ ലക്ഷ്യങ്ങളോടെ സംസ്ഥാനത്തെ 6,000 സ്കൂളുകളിൽ ഡിജിറ്റൽ സ്ക്വയർ പദ്ധതി നടപ്പാക്കിയതായി മന്ത്രി എൻ. ഷംസുദ്ദീൻ. കുന്നന്താനം സെൻറ് മേരീസ് സർക്കാർ ഹൈസ്കൂളിൽ നിർമിച്ച ഡോ. കെ.ആർ. നാരായണൻ സെൻറിനറി ബ്ലോക്കിൻറെ ഉദ്ഘാടനം നിർവഹിച്ചു പ്രസംഗിക്കുകയായിരുന്നു മന്ത്രി.

സർക്കാർ അധികാരത്തിൽ വന്നതിനു ശേഷമുള്ള നൂറുദിന കർമപരിപാടിയിൽ വിദ്യാഭ്യാസ മേഖലയിലെ ആധുനികവത്കരണത്തിന് വലിയ പ്രാധാന്യമാണ് നൽകിയിട്ടുള്ളത്. ഡിജിറ്റൽ സ്ക്വയർ ഉൾപ്പടെ വിദ്യാഭ്യാസ വകുപ്പിന്റെ 16 കർമപരിപാടികളും പൂർത്തിയായി. ശാസ്ത്ര സാങ്കേതിക രംഗത്തുണ്ടായ പുരോഗതിക്കനുസരിച്ച് വിദ്യാഭ്യാസം മാറ്റങ്ങൾക്ക് വിധേയമാവുകയാണ്.

കഴിഞ്ഞ 20 വർഷം കൊണ്ടുണ്ടായ മാറ്റങ്ങൾ അതിനുമുമ്പുള്ള 200 വർഷങ്ങളെ അപേക്ഷിച്ച് വളരെ കൂടുതലാണ്. നമ്മുടെ കുട്ടികളെ ലോകരാജ്യങ്ങളിൽനിന്നുള്ളവരോടൊപ്പം മത്സരിക്കാൻ പ്രാപ്തരാക്കേണ്ടതുണ്ട്.

ഇതിനായി ഇന്നത്തെ കാലഘട്ടത്തിന്റെ ശാസ്ത്രമായ ആർട്ടിഫിഷ്യൽ ഇൻറലിജൻസ് പോലുള്ള നവസാങ്കേതികവിദ്യ ഉൾപ്പെടുത്തി സ്കൂൾ പാഠ്യപദ്ധതി നവീകരിക്കുമെന്നും മന്ത്രി പറഞ്ഞു.

സ്കൂളിന്റെ പുതിയ കെട്ടിടത്തിന് കേരളത്തിന്റെ ധീരപുത്രനും മുൻ ഇന്ത്യൻ പ്രസിഡൻറുമായ കെ.ആർ. നാരായണന്റെ പേര് നൽകിയതിനെ മന്ത്രി പ്രശംസിച്ചു. സംസ്ഥാനതലത്തിൽ വിവിധ മത്സരങ്ങളിൽ മികവ് തെളിയിച്ച വിദ്യാർഥികളെ ചടങ്ങിൽ ആദരിച്ചു.

വർഗീസ് മാമ്മൻ എംഎൽഎ അധ്യക്ഷത വഹിച്ചു. ആന്റോ ആന്റണി എംപി, ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് അനീഷ് വരിക്കണ്ണാമല, മുൻ എംഎൽഎ മാത്യു ടി. തോമസ്, ജില്ലാ പഞ്ചായത്ത് അംഗം ബിജു ടി. ജോർജ്, മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശോശാമ്മ തോമസ്, കുന്നന്താനം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എം.ജെ. വിജയൻ, ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് എബി മേങ്ങരിങ്ങാട്ട്, ബ്ലോക്ക് അംഗം രഞ്ജിനി അജിത്ത്, ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് എൻ.സി. പ്രെനി, ആരോഗ്യ വിദ്യാഭ്യാസ സ്ഥിരം സമിതി ചെയർപേഴ്സൺ ടി. ഗീതകുമാരി, ഗ്രാമപഞ്ചായത്ത് അംഗങ്ങളായ ടി. സുനിൽകുമാർ, വി.പി. രാധാമണിയമ്മ, വി. വറുഗീസ് മാത്യു, പി.ടി. അലക്സ്, രമ്യ ഗോപിനാഥ്, ബാബു കുറുമ്പേശ്വരം, തിരുവല്ല ഡിഇഒ പി.ആർ. മല്ലിക, മല്ലപ്പള്ളി എഇഒ ജയചന്ദ്രൻ നായർ, ജില്ലാ പ്രോഗ്രാം കോഓർഡിനേറ്റർ ജയന്തി തരുൺ, പ്രധാനാധ്യാപിക ജി. ജയലളിത, സ്കൂൾ ലീഡർ എ.കെ. ഹരിഗോവിന്ദ്, ജനപ്രതിനിധികൾ, അധ്യാപകർ, വിദ്യാർഥികൾ തുടങ്ങിയവർ പങ്കെടുത്തു.



# കൊച്ചിൻ ഫോറസ്റ്റ് ട്രാംവേയുടെ ചരിത്രവും പൈതൃകവും സംരക്ഷിക്കും

**ചാലക്കുടി:** കൊച്ചിൻ ഫോറസ്റ്റ് ട്രാംവേയുടെ ചരിത്രവും പൈതൃകവും സംരക്ഷിച്ച് പുതുതലമുറയിലേക്ക് എത്തിക്കുക എന്ന ലക്ഷ്യത്തോടെ രൂപീകരിച്ച കൊച്ചിൻ ഫോറസ്റ്റ് ട്രാംവേ ഫൗണ്ടേഷന്റെ ഉദ്ഘാടന യോഗം ചാലക്കുടിയിൽ നടന്നു. പിഡബ്ല്യുഡി റെസ്റ്റ് ഹൗസ് കോൺഫറൻസ് ഹാളിൽ നടന്ന ചടങ്ങ് സനീഷ് കുമാർ ജോസഫ് എംഎൽഎ ഉദ്ഘാടനം ചെയ്തു. ഫൗണ്ടേഷന്റെ ലോഗോയും അദ്ദേഹം പ്രകാശനം ചെയ്തു. ഫൗണ്ടേഷന്റെ പ്രവർത്തനങ്ങൾക്ക് സർക്കാരിന്റെ ഭാഗത്തുനിന്ന് ആവശ്യമായ എല്ലാ സഹായവും ഉറപ്പാക്കുമെന്ന് എംഎൽഎ പറഞ്ഞു.

നഗരസഭാ അധ്യക്ഷ ആലിസ് ഷിബു അധ്യക്ഷത വഹിച്ചു. ഫൗണ്ടേഷൻ പ്രസിഡന്റ് ജിനേഷ് കൊല്ലാറ സ്വാഗതം ആശംസിച്ചു. പരിസ്ഥിതി ചരിത്രകാരൻ പ്രഫ. ഡോ. സെബാസ്റ്റ്യൻ ജോസഫും ദേവൻ ആർ. വർമ്മയും മുഖ്യപ്രഭാഷകരായി. പരിസ്ഥിതിക്ക് യാതൊരു കോട്ടവും വരാത്ത അനുഭവ ചരിത്ര മ്യൂസിയങ്ങളാണ് ഡിജിറ്റൽ കാലഘട്ടത്തിന്റെ ആവശ്യമെന്ന് സെബാസ്റ്റ്യൻ ജോസഫ് പറഞ്ഞു. ഫൗണ്ടേഷന്റെ ചരിത്രഗവേഷണ പ്രവർത്തനങ്ങളുടെ മുഖ്യ ഉപദേഷ്ടാവായി അദ്ദേഹം പ്രവർത്തിക്കും.

വാർഡ് കൗൺസിലർ വി.ഒ.പൈലപ്പൻ, മാരിയപ്പൻ എന്നിവർ ആശംസ പറഞ്ഞു. ഫൗണ്ടേഷന്റെ തുടർപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ചരിത്രകാരൻ ദേവൻ ആർ. വർമ, ജിനേഷ് കൊല്ലാറ, മേരി നളൻ, അഡ്വ. കെ.എസ്.സുഗതൻ, ശ്യാമള ഉണ്ണിക്കൃഷ്ണൻ, സി.എ. ബെർട്ടിൻ തോമസ്, ഗ്ലീന ജോയ് എന്നിവരടങ്ങുന്ന സ്റ്റിയറിങ് കമ്മിറ്റി രൂപീകരിച്ചു. അടുത്ത യോഗത്തിൽ എക്സിക്യൂട്ടീവ് കമ്മിറ്റി രൂപീകരിക്കും. ഔപചാരിക ചടങ്ങിനു ശേഷമുള്ള ചർച്ചയിൽ അഡ്വ. ബിജു ചിറയത്ത് ഉൾപ്പെടെയുള്ളവർ അഭിപ്രായങ്ങൾ പങ്കുവച്ചു. കരിക്കടവ് കോളനിയിലെ മൂപ്പൻ ചന്ദ്രനും ചർച്ചയിൽ സംസാരിച്ചു. സി.എ. ബെർട്ടിൻ തോമസ് നന്ദി പറഞ്ഞു.



# സൺസെറ്റ് ക്രൂസ് ടൂറിസം ബോട്ട് സർവീസിന് തുടക്കം

**ആലപ്പുഴ:** വേമ്പനാട്ട് കായലിന്റെ സൗന്ദര്യം ആസ്വദിച്ചു സൂര്യാസ്തമയം കാണാൻ അവസരമൊരുക്കി സംസ്ഥാന ജലഗതാഗത വകുപ്പിന്റെ പുതിയ സൺസെറ്റ് ക്രൂസ് ടൂറിസം ബോട്ട് സർവീസിന് തുടക്കം. ജി.സുധാകരൻ എംഎൽഎ ആദ്യ സർവീസ് ഉദ്ഘാടനം ചെയ്തു.

ജലഗതാഗത രംഗത്ത് കാലത്തിനനുസരിച്ചുള്ള ആധുനിക മാറ്റങ്ങൾ വരുന്നതിന്റെ ഭാഗമാണ് സൺസെറ്റ് ടൂറിസം ബോട്ട് സർവീസെന്നും സൂര്യാസ്തമയവും കുട്ടനാടിന്റെ സൗന്ദര്യവും ആസ്വദിക്കാൻ സഞ്ചാരികൾക്ക് അവസരമൊരുക്കുന്ന സർവീസ് ആലപ്പുഴയുടെ ടൂറിസം മേഖലയ്ക്ക് വലിയ സാധ്യതകൾ തുറക്കുമെന്നും ജി.സുധാകരൻ എംഎൽഎ പറഞ്ഞു. എ.ഡി. തോമസ് എംഎൽഎ അധ്യക്ഷത വഹിച്ചു. ജലഗതാഗത വകുപ്പ് ഡയറക്ടർ ഡോ. ജെ.ഒ.അരുൺ, കൗൺസിലർ എം.ജി.സതീദേവി, ജലഗതാഗത വകുപ്പ് പ്രൊജക്ട് ഡയറക്ടർ എം.വി.അരുൺ എന്നിവർ പ്രസംഗിച്ചു.

സംസ്ഥാന ജലഗതാഗത വകുപ്പിന്റെ പുതിയ സൺസെറ്റ് ക്രൂസ് ടൂറിസം ബോട്ട് സർവീസിന്റെ ഉദ്ഘാടന യാത്രയിൽ എംഎൽഎമാരായ ജി.സുധാകരനും എ.ഡി.തോമസും പങ്കാളികളായി. ഉദ്ഘാടന ദിവസമായതിനാൽ സാധാരണ റൂട്ടിലെ 2 മണിക്കൂർ യാത്രയ്ക്കു പകരം അര മണിക്കൂറിന്റെ ചെറുയാത്രയാണ് ഇന്നലെ നടത്തിയത്.

5.50ന് പുറപ്പെട്ട യാത്ര പുഞ്ചിരി ജെട്ടി വരെ പോയി 6.20ന് തിരിച്ചെത്തി. ഫോട്ടോ എടുത്തും സൂര്യാസ്തമയ സമയത്തെ കായൽ ഭംഗി ആസ്വദിച്ചും മുഖ്യാതിഥികൾ യാത്രക്കാരുടെ കൂടെ പങ്കാളികളായി.



സൊസൈറ്റി ടുഡേ
SOCIETY TODAY




# പെരിയാർവാലി കനാലുകളിൽ ജലവിതരണം ഡിസംബർ ഒന്നുമുതൽ

**കോതമംഗലം:** പെരിയാർവാലി ഇറിഗേഷൻ പ്രോജക്ടിന്റെ (പിവിഐപി) കനാലുകളുടെ അറ്റകുറ്റപ്പണികളും റെക്റ്റിഫിക്കേഷൻ പ്രവർത്തനങ്ങളും സമയബന്ധിതമായി പൂർത്തിയാക്കി ഡിസംബർ ഒന്നുമുതൽ പൂർണതോതിൽ ജലവിതരണം നടത്താൻ തീരുമാനം. എറണാകുളം ജില്ലാ കളക്ടർ ജി. പ്രിയങ്കയുടെ അധ്യക്ഷതയിൽ കളക്ടറേറ്റിൽ ചേർന്ന യോഗത്തിലാണ് തീരുമാനം.

അറ്റകുറ്റപ്പണികൾക്കായി നിലവിൽ അനുവദിച്ചിരിക്കുന്ന ഏഴരക്കോടി അപര്യാപ്തമാണെന്ന് ഷിബു തെക്കുംപുറം എംഎൽഎ യോഗത്തിൽ ചൂണ്ടിക്കാട്ടി. കനാലുകളുമായി ബന്ധപ്പെട്ട മുഴുവൻ അറ്റകുറ്റപ്പണികളും റെക്റ്റിഫിക്കേഷൻ പ്രവർത്തനങ്ങളും സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് അഞ്ചുകോടി അറ്റകുറ്റപ്പണികൾക്കും അഞ്ചുകോടി റെക്റ്റിഫിക്കേഷൻ പ്രവർത്തനങ്ങൾക്കുമായി അനുവദിക്കണമെന്ന ആവശ്യവും എംഎൽഎ ഉന്നയിച്ചു.

മുഖ്യമന്ത്രിയുടെയും ജലസേചന മന്ത്രിയുടെയും ശ്രദ്ധയിൽപ്പെടുത്തി ആവശ്യമായ അധിക തുക അടിയന്തരമായി അനുവദിക്കണമെന്ന് സർക്കാരിനോട് ആവശ്യപ്പെടാനും യോഗം തീരുമാനിച്ചു. ടെൻഡർ നടപടികൾ പൂർത്തിയാക്കി 15മുതൽ കനാലുകളുടെ അറ്റകുറ്റപ്പണികൾ ആരംഭിക്കും. നവംബർ 25നകം പണികൾ പൂർത്തിയാക്കി ജലവിതരണത്തിന്റെ ട്രയൽറൺ നടത്തും. തുടർന്ന് ഡിസംബർ ഒന്നുമുതൽ പൂർണതോതിൽ ജലവിതരണം ആരംഭിക്കാനാണ് തീരുമാനം.

സാധാരണയായി ഡിസംബർ അവസാനത്തോടെയാണ് പെരിയാർവാലി കനാലുകൾ തുറന്ന് ജലവിതരണം ആരംഭിക്കുന്നത്. എന്നാൽ ഇത്തവണ മഴയുടെ അളവ് കുറഞ്ഞതും വിവിധ പ്രദേശങ്ങളിൽ കുടിവെള്ളക്ഷാമം രൂക്ഷമായതും കണക്കിലെടുത്താണ് നേരത്തേ ജലവിതരണം ആരംഭിക്കാൻ തീരുമാനിച്ചത്. യോഗത്തിൽ എംഎൽഎമാരായ അൻവർ സാദത്ത്, വി.പി. സജീന്ദ്രൻ, മനോജ് മൂത്തേടൻ, എക്സിക്യൂട്ടീവ് എൻജിനിയർമാരായ സി.വി. ബൈജു, സി.എൻ. രഞ്ജിത എന്നിവരും വിവിധ വകുപ്പ് ഉദ്യോഗസ്ഥരും പങ്കെടുത്തു.



# ജലക്ഷാമത്തിലും ചിറ്റൂരിൽ രണ്ടാംവിള ഞാറ്റടിക്ക് തുടക്കം

**ചിറ്റൂർ:** കനാൽ വെള്ളവും മഴയും ലഭിക്കാതിരുന്നിട്ടും കർഷകർ രണ്ടാംവിളക്ക് ഞാറ്റടി ജോലികൾ ആരംഭിച്ചു. മൂപ്പു കുറഞ്ഞ ജ്യോതി വിത്തുകളാണ് ഉപയോഗിക്കുന്നത്. ഒന്നാം വിളയ്ക്ക് കുഴൽകിണർ വെള്ളത്തിൽ കൃഷിയിറക്കി വിളവെടുപ്പ് നടത്തിയവരാണ് രണ്ടാംവിളയ്ക്ക് ജോലികൾ ആരംഭിച്ചിരിക്കുന്നത് . പറമ്പിക്കുളം, ആളിയാർ വൃഷ്ടി പ്രദേശത്ത് മഴ കിട്ടിയാൽ കനാൽ വെള്ളം ഏത്തുമെന്നതും കർഷകരുടെ കണക്കു കൂട്ടലാണ്. ഒന്നാംവിളയിറക്കിയ പല കർഷകരും ഇനിയും മൂന്നാഴ്ചയെങ്കിലും വിളവെടുപ്പിനു കാത്തിക്കേണ്ടതായി വരും.

ഇപ്പോൾ ഞാറുപാകുന്നവർക്ക് വൈകാതെ നടീലിനും അനുബന്ധ ജോലിക്കും സമയം ലഭിക്കും. ചിറ്റൂരിലെ കാലാവസ്ഥ ാവ്യതിയാനം നെല്ല്, പച്ചക്കറി കൃഷി എന്നിവയ്ക്ക് പ്രതികൂല സാഹചര്യമാണ്. മറ്റു സ്ഥലങ്ങളിൽ കനത്ത മഴ പെയ്യുന്ന സമയത്ത് ചിറ്റൂരിൽ ശക്തമായ വെയിലാണ്. നിലവിലുള്ള മുതിർന്ന കർഷകരുടെ കാലശേഷം യുവതലമുറ കാർഷിക മേഖലയിൽ നിന്നും വഴിമാറുന്നത് തടയാൻ കൃഷിവകുപ്പ് കാർഷിക മേഖലയെ പരിപോഷി പ്പിക്കുന്ന പദ്ധതികൾ ആവിഷ്കരിക്കേണ്ടതുണ്ട് . കേരളത്തിൻറെ നെല്ലറയെന്ന് വിശേഷിപ്പിക്കുന്ന പാലക്കാട് ജില്ലയിലെ ചിറ്റൂരിൽ നെൽകൃഷി താളംതെറ്റിയ നിലയിലായി വർഷങ്ങൾ പിന്നിട്ടിരിക്കുകയാണ്.

# ഇടുക്കി രൂപതയ്ക്കു മൂന്ന് ഫ്രാൻസിസ്കൻ തീർഥാടന കേന്ദ്രങ്ങൾ

**കരിമ്പൻ:** വിശുദ്ധ ഫ്രാൻസിസ് അസീസിയുടെ സ്വർഗപ്രവേശനത്തിന്റെ 800-ാം വാർഷികത്തോടനുബന്ധിച്ച് ലെയോ പതിനാലാമൻ മാർപാപ്പ പ്രഖ്യാപിച്ച ജൂബിലി വർഷത്തിന്റെ ഭാഗമായി ഇടുക്കി രൂപത മെത്രാൻ മാർ ജോൺ നെല്ലിക്കുന്നേൽ രൂപതയിലെ മൂന്ന് ദേവാലയങ്ങൾ ഫ്രാൻസിസ്കൻ തീർഥാടന കേന്ദ്രങ്ങളായി പ്രഖ്യാപിച്ചു. വാഴത്തോപ്പ് സെൻറ് ജോർജ് കത്തീഡ്രൽ, മച്ചിപ്ലാവ് സെൻറ് ഫ്രാൻസിസ് അസീസി ദേവാലയം, രാജാക്കാട് ക്രിസ്തുരാജാ ഫൊറോന ദേവാലയം എന്നിവയാണ് തീർഥാടന കേന്ദ്രങ്ങൾ. 2027 ജനുവരി 10 വരെ ഈ ദേവാലയങ്ങൾ സന്ദർശിച്ച് നിർദിഷ്ട ആത്മീയ വ്യവസ്ഥകളോടെ പ്രാർഥിക്കുന്നവർക്ക് പൂർണദണ്ഡ വിമോചനവും പ്രഖ്യാപിച്ചിട്ടുണ്ട്.

വാഴത്തോപ്പ് സെൻറ് ജോർജ് കത്തീഡ്രലിൽ നടന്ന തിരുക്കർമങ്ങൾക്കു മാർ ജോൺ നെല്ലിക്കുന്നേൽ മുഖ്യ കാർമികത്വം വഹിച്ചു. ഫ്രാൻസിസ്കൻ വർഷാചരണം ആത്മീയ ജീവിതത്തിൽ നമുക്ക് ലഭ്യമായ വെല്ലുവിളിയാണെന്ന് അദ്ദേഹം പറഞ്ഞു. ക്രിസ്തുവിൻറെ ജീവിതത്തോട് താദാത്മ്യം പ്രാപിക്കാൻ പരിശ്രമിച്ച രണ്ടാം ക്രിസ്തു എന്ന അപരനാമത്തിന് അർഹനായ വിശുദ്ധനാണ് വിശുദ്ധ ഫ്രാൻസിസ് അസീസി. ഫ്രാൻസിസിനെപോലെ സ്നേഹത്തിലും സമാധാനത്തിലും വളരുന്നതിനും സമാധാന സന്ദേശം ലോകം മുഴുവൻ വ്യാപിപ്പിക്കുന്നതിനും ഈ വർഷാചരണം ഇടവരുത്തണമെന്നും അദ്ദേഹം ഓർമിപ്പിച്ചു.

മച്ചിപ്ലാവ് സെൻറ് ഫ്രാൻസിസ് അസീസി ദേവാലയത്തിൽ നടന്ന തിരുക്കർമങ്ങൾക്ക് കോതമംഗലം രൂപത മുൻ മെത്രാൻ മാർ ജോർജ് പുന്നക്കോട്ടിൽ കാർമികത്വം വഹിച്ചു. ഇടവക തീർഥാടന കേന്ദ്രമാക്കിക്കൊണ്ടുള്ള രേഖ രൂപത മുഖ്യവികാരി ജനറാൾ മോൺ. ജോസ് കരിവേലിക്കൽ വായിച്ചു. തീർഥാടകരെ സ്വീകരിക്കുന്നതിനായി തീർഥാടന കേന്ദ്രങ്ങളിൽ വിപുലമായ ഒരുക്കങ്ങൾ നടത്തിയിട്ടുള്ളതായി വികാരിമാർ അറിയിച്ചു. ഫാ. ടോമി ആനിക്കുഴിക്കാട്ടിൽ, ഫാ. ജോസ് കൊച്ചുപുരയ്ക്കൽ, ഫാ. മാർട്ടിൻ പൊൻപനാൽ, ഫാ. ജോർജ് തകിടിയേൽ എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

# മൂന്നു വർഷത്തെ സുസ്ഥിര പദ്ധതിയുമായി എസ്ബി കോളജ്

**ചങ്ങനാശേരി:** ആവർത്തിക്കുന്ന പോളശല്യത്തിൽനിന്നു ആലപ്പുഴ-ചങ്ങനാശേരി (എസി) കനാലിനെ പൂർണമായി മോചിപ്പിക്കാൻ ശാസ്ത്രീയവും സുസ്ഥിരവുമായ മൂന്നു വർഷത്തെ സമഗ്ര പരിപാലന പദ്ധതിയുമായി സെന്റ് ബർക്കുമാൻസ് കോളജ്. എസി കനാൽ പുനരുദ്ധാരണത്തിന്റെ ഭാഗമായി നിലവിൽ നീക്കം ചെയ്ത പോളയും മറ്റ് ജലസസ്യങ്ങളും വീണ്ടും പടർന്നുപിടിക്കുന്നത് തടയാനും സ്വാഭാവിക നീരൊഴുക്ക് ഉറപ്പുവരുത്താനും ലക്ഷ്യമിടുന്ന പദ്ധതി രേഖ ചങ്ങനാശേരി എംഎൽഎ വിനു ജോബിന് എസ്ബി കോളജിൽ നടന്ന ചടങ്ങിൽ സമർപ്പിച്ചു. കോളജ് പ്രിൻസിപ്പൽ ഫാ.ഡോ. ടെഡി സി. കാഞ്ഞൂപ്പറമ്പിൽ, ബോട്ടണി വിഭാഗം മേധാവി ഡോ. ജെബിൻ ജോസഫ് എന്നിവർ ചേർന്നാണ് പദ്ധതി സമർപ്പിച്ചത്. ഡോ. ജെബിൻ ജോസഫ് പദ്ധതി വിശദീകരിച്ചു.

ലക്ഷങ്ങൾ മുടക്കി ഇടയ്ക്കിടെ പോള വാരുന്ന രീതിക്കു പകരം, പോളയുടെ തിരിച്ചുവരവ് തടയുന്ന ശാശ്വത നിരീക്ഷണ സംവിധാനമാണ് പദ്ധതി മുന്നോട്ടുവയ്ക്കുന്നത്. തുടക്കത്തിൽത്തന്നെ പോളയുടെ വളർച്ച കണ്ടെത്തി നശിപ്പിക്കുന്ന ഏർലി ഡിറ്റക്ഷൻ ആൻഡ് റാപ്പിഡ് റെസ്പോൺസ് രീതിയാണു പ്രധാന ആകർഷണം. കനാലിൽനിന്നു കോരിമാറ്റുന്ന ജൈവാവശിഷ്ടങ്ങൾ കരയിൽ തള്ളി മലിനീകരണമുണ്ടാക്കാതെ ശാസ്ത്രീയമായി കമ്പോസ്റ്റാക്കി മാറ്റുന്നതിനുള്ള നിർദേശവും പദ്ധതിയിലുണ്ട്.

കാർഷികാവശ്യത്തിന് ഉപയോഗിക്കുന്നതിനു മുൻപ് ഇവയിലെ മലിനീകരണ തോതും ഗുണനിലവാരവും പരിശോധിക്കും. ഹരിതകർമസേന, കുടുംബശ്രീ, മത്സ്യത്തൊഴിലാളികൾ, തദ്ദേശവാസികൾ എന്നിവരെ ഉൾപ്പെടുത്തി ജനകീയ പങ്കാളിത്തത്തോടെയാകും പദ്ധതി. നഗരസഭാ പാർക്കിനോടു ചേർന്നുള്ള കുളം മാലിന്യമുക്തമാക്കി വിനോദസഞ്ചാര കേന്ദ്രമാക്കി മാറ്റിയ എസ്ബി കോളജിൻറെ നവോദകം സംരംഭം ആണ് ഇതിനു പ്രചോദനം. ജലസസ്യങ്ങളുടെ തിരിച്ചറിയൽ, ശാസ്ത്രീയ നിരീക്ഷണം, ഹോട്ട്സ്പോട്ട് മാപ്പിംഗ്, പുനർവ്യാപന നിയന്ത്രണം, ജൈവവസ്തുക്കളുടെ ശാസ്ത്രീയ സംസ്കരണം, ഗുണനിലവാര പരിശോധന, വാർഷിക വിലയിരുത്തൽ തുടങ്ങിയ പ്രവർത്തനങ്ങൾക്ക് സാങ്കേതിക പിന്തുണ നൽകാനാണ് എസ്ബി കോളജ് ബോട്ടണി വിഭാഗം ലക്ഷ്യമിടുന്നത്. ചങ്ങനാശേരിയിൽ വിജയകരമായി നടപ്പാക്കാനായാൽ കേരളത്തിലെ മറ്റു നഗര കനാലുകളിലും ജലാശയങ്ങളിലും മാതൃകയായി സ്വീകരിക്കാവുന്ന പദ്ധതിയായി ഇത് വികസിപ്പിക്കാനാകുമെന്ന പ്രതീക്ഷയും ബോട്ടണി വിഭാഗം മുന്നോട്ടുവച്ചു.

## ബേബി ജീൻ നായകനാകുന്ന

# അക്ഷരംപ്രതി

ഒരു മാസത്തിനുള്ളിൽ 3 ചിത്രങ്ങളുടെ നിർമ്മാണം ആരംഭിച്ചു കൊണ്ട് മലയാള സിനിമയിൽ ശക്തമായ സാന്നിധ്യമായി ഇന്ത്യൻ സിനിമാ കമ്പനി. ടിപ്പുഷാൻ വി.ഇ, ഷിയാസ് ഹസൻ എന്നിവർ നേതൃത്വം നൽകുന്ന ഇന്ത്യൻ സിനിമാ കമ്പനി 3 പുതുമുഖ സംവിധായകർക്ക് ആണ് ഒരേസമയം തങ്ങളുടെ 3 ചിത്രങ്ങളിലൂടെ അവസരം നൽകിയിരിക്കുന്നത്. പ്രശസ്ത സംവിധായകൻ ജീത്തു ജോസഫിന്റെ സംവിധാന സഹായിയായിരുന്ന രേഷ്മ ശിവകുമാർ ഒരുക്കുന്ന ഇന്ത്യൻ സിനിമാ കമ്പനിയുടെ പ്രൊഡക്ഷൻ നമ്പർ 5 ആണ് ഏറ്റവും പുതിയതായി പ്രഖ്യാപിച്ചത്. ‘അക്ഷരംപ്രതി’ എന്ന് പേരിട്ടിരിക്കുന്ന ചിത്രത്തിൽ ബേബി ജീൻ ആണ് നായകനായി എത്തുന്നത്. ബേബി ജീൻ ആദ്യമായി നായകനായി എത്തുന്ന ചിത്രം കൂടിയാണിത്. ചിത്രത്തിലെ മറ്റ് താരങ്ങൾ, അണിയറ പ്രവർത്തകർ എന്നിവരെ കുറിച്ചുള്ള വിവരങ്ങൾ വൈകാതെ പുറത്തു വിടും. ചിത്രത്തിന്റെ ചിത്രീകരണം ഉടൻ ആരംഭിക്കും.

വ്യത്യസ്തമായ പ്രേമേയങ്ങൾ അവതരിപ്പിക്കുന്ന, പുതുമുഖ സംവിധായകർ ഒരുക്കുന്ന 3 ചിത്രങ്ങളാണ് ഇന്ത്യൻ സിനിമാ കമ്പനിയുടെ ബാനറിൽ ഇപ്പോൾ ഒരുങ്ങുന്നത്. നവാഗതനായ ജിതേഷ് എസ് റാം ഒരുക്കുന്ന ഇന്ത്യൻ സിനിമാ കമ്പനിയുടെ പ്രൊഡക്ഷൻ നമ്പർ 3, ഗിരീഷ് എ ഡിയുടെ ചീഫ് അസോസിയേറ്റ് ആയിരുന്ന രോഹിത് ചന്ദ്രശേഖർ ഒരുക്കുന്ന പ്രൊഡക്ഷൻ നമ്പർ 4 എന്നിവയും അടുത്തിടെയാണ് ചിത്രീകരണം ആരംഭിച്ചത്.






ജിതേഷ് റാം ഒരുക്കുന്ന ഷറഫുദ്ദീൻ നായകനായ ഫാമിലി എന്റർടെയിനർ ചിത്രത്തിൽ അലൻ ബിൻ സിറാജും പ്രധാന വേഷത്തിലെത്തുന്നു. മൈസൂരിൽ ആരംഭിച്ച ചിത്രം ചിത്രീകരണത്തിന്റെ അവസാന ഘട്ടത്തിലാണിപ്പോൾ. പുതുമുഖങ്ങൾ കേന്ദ്ര കഥാപാത്രങ്ങളാകുന്ന ഒരു പ്രണയ കഥയാണ് രോഹിത് ചന്ദ്രശേഖർ ഒരുക്കുന്ന ചിത്രം പറയുന്നത്. കിരൺ കെ എസ് ആണ് ഈ ചിത്രം രചിച്ചത്. ടോവിനോ തോമസിനെ നായകനാക്കി അനുരാജ് മനോഹർ സംവിധാനം ചെയ്ത, പ്രേക്ഷക നിരൂപക പ്രശംസ നേടിയ ചിത്രമായ നരിവേട്ട നിർമ്മിച്ച് കൊണ്ടാണ് കമ്പനി മലയാള സിനിമയിൽ അരങ്ങേറ്റം കുറിക്കുന്നത്. 'നരിവേട്ട'യ്ക്ക് ശേഷം, നവാഗതരെ മലയാള സിനിമയിൽ അവതരിപ്പിച്ചു കൊണ്ട് കൂടുതൽ മികച്ച ചിത്രങ്ങളുമായി മലയാളി പ്രേക്ഷകരുടെ മുന്നിലേക്ക് എത്താനുള്ള ഒരുക്കത്തിലാണ് ഇന്ത്യൻ സിനിമാ കമ്പനി.

# ജയസൂര്യയുടെ മായൻ വരുന്നു

ജയസൂര്യയെ നായകനാക്കി ജിതിൻ കെ. ജോസ് സംവിധാനം ചെയ്യുന്ന മിസ്റ്ററി ത്രില്ലർ ചിത്രം മായൻ ചാപ്റ്റർ 1 ഡിസംബർ 3ന് പ്രദർശനത്തിനെത്തും. ചിത്രത്തിന്റെ റിലീസ് തീയതി പ്രഖ്യാപിച്ചു. ചിത്രീകരണം പൂർത്തിയാക്കിയതായും അണിയറപ്രവർത്തകർ അറിയിച്ചു.

മമ്മൂട്ടി നായകനായ കളങ്കാവൽ എന്ന ചിത്രത്തിന് ശേഷം ജിതിൻ കെ. ജോസ് സംവിധാനം ചെയ്യുന്ന ചിത്രമാണ് മായൻ. മാജിക് മൂൺ പ്രൊഡക്ഷൻസിന്റെ ബാനറിൽ രാജീവ് ഗോവിന്ദനാണ് ചിത്രം നിർമിക്കുന്നത്. കേരളത്തിനൊപ്പം റഷ്യയിലും ചിത്രത്തിന്റെ പ്രധാന ഭാഗങ്ങൾ ചിത്രീകരിച്ചിട്ടുണ്ട്. റഷ്യയിലെ വിദേശ ഷെഡ്യൂൾ പൂർത്തിയാക്കിയതിന് പിന്നാലെ കേരളത്തിലെ ഷെഡ്യൂൾ ഇപ്പോൾ പൂർത്തിയാക്കിയിരിക്കുന്നത്.

വ്യത്യസ്തമായ മിസ്റ്ററി ത്രില്ലർ പശ്ചാത്തലത്തിലാണ് മായൻ ഒരുങ്ങുന്നത്. കേരളത്തിൽ നൂറ്റാണ്ടുകളായി നിലനിൽക്കുന്നുവെന്ന് പറയപ്പെടുന്ന, പൊതുസമൂഹത്തിൽ അധികം ചർച്ച ചെയ്യപ്പെടാത്ത ചില ആചാരങ്ങളിലേക്കും വിശ്വാസങ്ങളിലേക്കും ചിത്രം കടന്നു ചെല്ലുന്നതായാണ് സംവിധായകൻ ജിതിൻ കെ. ജോസ് നേരത്തെ സൂചിപ്പിച്ചിരുന്നത്. വിപരീത ആരാധന എന്ന ആശയം ചിത്രത്തിന്റെ പ്രമേയവുമായി ബന്ധപ്പെട്ടിരിക്കുന്നതായും അദ്ദേഹം വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ചിത്രത്തെ നേരിട്ട് കറുത്തച്ചനൂട്ട് അടിസ്ഥാനമാക്കിയുള്ള സിനിമയായി അണിയറപ്രവർത്തകർ സ്ഥിരീകരിച്ചിട്ടില്ല.

ചിത്രത്തിന്റെ തിരക്കഥ റാഫിയും ജിതിൻ കെ. ജോസും ചേർന്നാണ് ഒരുക്കുന്നത്. ജയസൂര്യയ്ക്കൊപ്പം നൈല ഉഷ, വിജയ് ബാബു, നിരഞ്ജന അനൂപ്, ജിബിൻ ഗോപിനാഥ്, ഐശ്വര്യ രാജ് തുടങ്ങിയവരും പ്രധാന വേഷങ്ങളിലെത്തുന്നു. ‘കളങ്കാവലി’ന്റെ സാങ്കേതിക സംഘത്തിലെ പ്രധാന അംഗങ്ങളിൽ പലരും ‘മായനി’ലും ജിതിൻ കെ. ജോസിനൊപ്പം വീണ്ടും ഒന്നിക്കുന്നു. ഫൈസൽ അലി ഛായാഗ്രഹണം നിർവഹിക്കുമ്പോൾ മുജീബ് മജീദ് സംഗീതവും പ്രവീൺ പ്രഭാകർ എഡിറ്റിങ്ങും കൈകാര്യം ചെയ്യുന്നു. സുനിൽ ദാസ് കലാസംവിധാനവും സമീറ സനീഷ് വസ്ത്രാലങ്കാരവും നിർവഹിക്കുന്നു. ലൈൻ പ്രൊഡ്യൂസർ രോഹിത്ത് ആർ നായർ, പ്രൊഡക്ഷൻ കൺട്രോളർ ദീപക് പരമേശ്വരൻ, പിആർഒ & ഡിജിറ്റൽ മാർക്കറ്റിംഗ് വിപിൻ കുമാർ വി, വൈശാഖ് സി വടക്കേവീട്, ജിനു അനിൽകുമാർ, സ്റ്റിൽസ് സിനത് സേവ്യർ, ഡിസൈൻസ് ആന്റണി സ്റ്റീഫൻ.

നിഗൂഢതയും ഇരുണ്ട അന്തരീക്ഷവും മുന്നോട്ടുവയ്ക്കുന്ന പ്രമോഷൻ മെറ്റീരിയലുകൾ ചിത്രത്തെക്കുറിച്ചുള്ള പ്രേക്ഷക ആകാംക്ഷ വർധിപ്പിച്ചിട്ടുണ്ട്. ഡിസംബർ 3, 2026 മുതൽ ലോകമെമ്പാടുമുള്ള തിയറ്ററുകളിൽ മായൻ ചാപ്റ്റർ 1 പ്രേക്ഷകരിലേക്ക് എത്തുന്നത്.



# വിശ്വാസവും ദുരൂഹതയും ആകാംഷയും നിറഞ്ഞ ഡിവൈൻ ത്രില്ലർ; വല്ലി

മലയാള സിനിമയിൽ പുതുമയാർന്നൊരു ത്രില്ലർ അനുഭവത്തിന് വഴിയൊരുക്കി വല്ലിയുടെ ട്രെയിലർ പുറത്തിറങ്ങി. ഷബീർ ബി.എൻ സംവിധാനം ചെയ്യുന്ന ചിത്രം വിശ്വാസവും നിഗൂഢതയും കുറ്റാന്വേഷണവും ഇഴചേർന്ന ഡിവൈൻ ത്രില്ലർ എന്ന നിലയിലാണ് ഒരുങ്ങുന്നത്. പുറത്തിറങ്ങിയ ട്രെയിലർ ചിത്രത്തിന്റെ പ്രമേയത്തെക്കുറിച്ച് നിരവധി ചോദ്യങ്ങൾ ഉയർത്തുന്നതിനൊപ്പം പ്രേക്ഷകരിൽ ആകാംക്ഷയും സൃഷ്ടിക്കുന്നുണ്ട്. പ്രാണ ക്രിയേഷൻസിന്റെ ബാനറിൽ രജിത് എസ് നിർമ്മിക്കുന്ന വല്ലിയുടെ ട്രെയിലർ നൽകുന്ന സൂചനകൾ ചിത്രം സാധാരണ കുറ്റാന്വേഷണ ത്രില്ലറിൽ നിന്ന് വ്യത്യസ്തമായൊരു ലോകത്തേക്കാണ് പ്രേക്ഷകരെ കൊണ്ടുപോകുന്നതെന്ന പ്രതീക്ഷയാണ് നൽകുന്നത്. വിശ്വാസവും പുരാണസൂചനകളും ദുരൂഹമായ മരണങ്ങളും അന്വേഷണവും ഒരുമിക്കുന്ന ചിത്രം എങ്ങനെയായിരിക്കും എന്ന ആകാംക്ഷയിലാണ് പ്രേക്ഷകർ.

ഒരു രാജാവും അദ്ദേഹം ആരാധിക്കുന്ന ദേവിയും തമ്മിലുള്ള ഐതിഹ്യകഥയുടെ പശ്ചാത്തലത്തിലാണ് ട്രെയിലർ ആരംഭിക്കുന്നത്. പുരാതനകാലത്തെ ഈ കഥയും പിന്നീട് അരങ്ങേറുന്ന സംഭവങ്ങളും തമ്മിലുള്ള ബന്ധമാണ് ചിത്രത്തിന്റെ പ്രധാന കൗതുകങ്ങളിലൊന്നെന്ന് ട്രെയിലർ സൂചന നൽകുന്നു. പഴയൊരു മാണിക്യവല്ലി കേസ് വീണ്ടും ചർച്ചയാകുന്നതും അതിനിടെ തുടർച്ചയായി നടക്കുന്ന മരണങ്ങളുമാണ് കഥയുടെ ദുരൂഹത വർധിപ്പിക്കുന്നത്. ഈ സംഭവങ്ങൾക്കിടയിലെ അദൃശ്യമായ ബന്ധം അന്വേഷിക്കുന്നതിലൂടെ കഥ കൂടുതൽ സങ്കീർണമാകുമെന്ന സൂചനയും ട്രെയിലർ നൽകുന്നു.

പോലീസ് ഉദ്യോഗസ്ഥയായ മീനാക്ഷിയായി അശ്വതി എസ്. നായർ എത്തുന്നു. കുറ്റാന്വേഷണത്തിന്റെ വഴികളിലൂടെ മുന്നേറുന്ന കഥാപാത്രവും ദൈവിക വിശ്വാസങ്ങളും തമ്മിൽ ഏറ്റുമുട്ടുന്ന സാഹചര്യങ്ങളാണ് ചിത്രത്തിന്റെ പ്രധാന സവിശേഷതകളിലൊന്ന്. പത്മരാജ് രതീഷ്, ഷോബി തിലകൻ, ബിനോജ് കുളത്തൂർ, ജയറാം, ബെന്നി ജോൺ, പ്രസാദ് മുഹമ്മ, അരുൺ സോൾ, കുമാർ സേതു, ഭദ്ര വെങ്കിടേശ്വരൻ എന്നിവരാണ് ചിത്രത്തിലെ മറ്റ് പ്രധാന താരങ്ങൾ. 'ഈ കേസിന്റെ വിധി എഴുതുന്നത് എന്റെ അമ്മയാ, മാണിക്യ വല്ലിയമ്മ' എന്ന ട്രെയിലറിലെ സംഭാഷണവും ശ്രദ്ധ നേടുന്നുണ്ട്. ചിത്രത്തിന്റെ പ്രമേയത്തിൽ മാണിക്യ വല്ലിയമ്മയ്ക്കുള്ള നിർണായക സ്ഥാനത്തിലേക്കാണ്




ഈ വാക്കുകൾ വിരൽചൂണ്ടുന്നത്.

നിർമ്മാതാവ് രജിത് എസ് തന്നെയാണ് വല്ലിയുടെ കഥ രചിച്ചിരിക്കുന്നത്. സംവിധായകൻ ഷബീർ ബി.എൻ ആണ് തിരക്കഥ ഒരുക്കിയിരിക്കുന്നത്. പ്രദീപ് നാരായണനാണ് ലൈൻ പ്രൊഡ്യൂസർ. രഞ്ജിത്ത് മുരളിയാണ് ഛായാഗ്രഹണം. പ്രസോഭ് ശേഖരൻ എഡിറ്റിംഗും ടോണി വിൽസൺ പശ്ചാത്തല സംഗീതവും നിർവഹിക്കുന്നു. രാജേഷ്, ടിങ്കിൾ, രതീഷ് ചന്ദ്രൻ ചെപ്പാട് എന്നിവർ ഗാനങ്ങൾക്ക് വരികളെഴുതുന്നു. വിഷ്ണു വി. നായരാണ് സൗണ്ട് ഡിസൈൻ നിർവഹിക്കുന്നത്. വിനുവാണ് രാമകൃഷ്ണൻ വി.എഫ്.എക്സ് കൈകാര്യം ചെയ്യുന്നത്. സ്പോട്ടഡ് കളേഴ്സാണ് കളറിംഗ് നിർവഹിക്കുന്നത്. മുത്തുവാണ് കലാസംവിധാനം. മുരളി മലയാളം വസ്ത്രാലങ്കാരവും രതീഷ് മേക്കപ്പും നിർവഹിക്കുന്നു. ഭാരത് ബിനുവാണ് പോസ്റ്റർ ഡിസൈൻ ഒരുക്കിയിരിക്കുന്നത്.




# ഫാമിലി ട്രിപ്പ്

ഷറഫുദ്ദീൻ നായകനായി എത്തുന്ന ഫാമിലി ട്രിപ്പ് ഫസ്റ്റ് ലുക്ക് പോസ്റ്റർ പുറത്ത്. ഇതിഹാസ ഗായകൻ കിഷോർ കുമാറിന്റെ 'സിന്ദഗി ഏക് സഫർ ഹേ സുഹാന' എന്ന ക്ലാസിക് ഗാനത്തിന്റെ അകമ്പടിയോടെയാണ് ഷറഫുദ്ദീൻ ഈ ഫസ്റ്റ് ലുക്ക് പോസ്റ്റർ സമൂഹ മാധ്യമങ്ങളിൽ പങ്കുവെച്ചിരിക്കുന്നത്. നവാഗതയായ രമ്യ അരവിന്ദ് സംവിധാനം ചെയ്യുന്ന ചിത്രത്തിന്റെ രചന ഷറഫു, ഷമാൽ സുലൈമാൻ എന്നിവർ ചേർന്നാണ് നിർവഹിച്ചിരിക്കുന്നത്. ഒരു പക്കാ ഫാമിലി എന്റർടെയിനർ എന്ന ഫീലാണ് ചിത്രത്തിന്റെ പോസ്റ്റർ സമ്മാനിക്കുന്നത്.

ഷറഫുദ്ദീൻ, കാർത്തികേയൻ സന്താനം, ഷംജാൻ ജി എന്നിവർ ചേർന്നാണ് ചിത്രം നിർമ്മിക്കുന്നത്. കൽറാമൻ, കല്യാൺ സുബ്രഹ്മണ്യൻ വി, ഫ്രെയിംസ്റ്റോൺ എന്നിവർ ചിത്രത്തിന്റെ സഹനിർമ്മാതാക്കളാണ്. സ്റ്റോൺ ബെഞ്ച് സ്റ്റുഡിയോസ്, ഷറഫുദ്ദീൻ പ്രൊഡക്ഷൻസ്, റിഡാകൂഡ് സ്റ്റുഡിയോസ് എന്നീ ബാനറുകളിലാണ് ചിത്രം നിർമ്മിച്ചിരിക്കുന്നത്. നവരസ ഫിലിംസ് ആണ് ചിത്രം പ്രദർശനത്തിന് എത്തിക്കുന്നത്. ചിത്രത്തിന്റെ റിലീസ് തീയതി ഉൾപ്പെടെയുള്ള വിവരങ്ങൾ പിന്നീട് പുറത്ത് വിടും. ഓവർസീസ് ഡിസ്ട്രിബ്യൂഷൻ പാർട്ണർ ഫാർസ് ഫിലിംസ്.

അമിത് സാംസൺ ഛായാഗ്രഹണം നിർവഹിക്കുന്ന ചിത്രത്തിന്റെ എഡിറ്റിംഗ് വിവേക് ഹർഷൻ ആണ്. ക്രിസ്റ്റി ജോബി ചിത്രത്തിന് സംഗീതം ഒരുക്കുന്നു. പ്രൊഡക്ഷൻ ഡിസൈൻ ഔസേപ്പ് ജോൺ, കോസ്റ്റ്യൂം ഡിസൈനർ മെൽവി ജെ. സംഘട്ടനം : ഫീനിക്സ് പ്രഭു, മേക്കപ്പ് : റൊണക്സ് സേവ്യർ, സൗണ്ട് ഡിസൈൻ: നിക്സൺ ജോർജ്, എക്സിക്യൂട്ടീവ് പ്രൊഡ്യൂസേഴ്സ്: ഐബിൻ തോമസ്, ജിജോ കെ ജോയ്, ആർ രാജ്കുമാർ, അശോക് നാരായണൻ, പ്രൊഡക്ഷൻ കൺട്രോളർ : ബിനു മുരളി, പ്രൊഡക്ഷൻ കോർഡിനേറ്റർ : മദൻ ഷൺമുഖം, ചീഫ് അസോസിയേറ്റ് ഡയറക്ടർ : അംബ്രോ വർഗീസ്, ക്രിയേറ്റീവ് ഡയറക്ടർ: അദീബ് റഹിമ, ചീഫ് അസോസിയേറ്റ് ക്യാമറാമാൻ: രതീഷ് മാന്നാർ, ഫിനാൻസ് കൺട്രോളർ: ബിബിൻ സേവ്യർ, പിആർഒ ആൻഡ് മാർക്കറ്റിംഗ്: വൈശാഖ് സി വടക്കേവീട്, ജിനു അനിൽകുമാർ, സിങ്ക് സൗണ്ട്: വിവേക് കെ എം, വിഎഫ്എക്സ്: പിക്റ്റോറിയൽ എഫ് എക്സ്, ഡിജിറ്റൽ മാർക്കറ്റിംഗ്: ഒബ്സ്ക്യൂറ, സ്റ്റിൽസ്: റിഷാജ് മുഹമ്മദ്, ഡിസൈൻ : യെല്ലോടൂത്ത്സ്.



# ആരംഭം ഒരു അൽബാനിയോ കഥ

## ഓഡിയോ മന്ത്രി മോൻസ് ജോസഫ് കൊച്ചിയിൽ റിലീസ് ചെയ്തു

പുതുമുഖങ്ങളെ അണിനിരത്തി യുവ സംവിധായകൻ ശ്രീജിത്ത്. എം.നായർ കഥയും സംവിധാനവും നിർവ്വഹിച്ച ആരംഭം ഒരു അൽബാനിയോ കഥയുടെ ഓഡിയോ റിലീസ് ചെയ്തു.

കൊച്ചി കലൂർ ഐ.എം.എ ഹാളിൽ നടന്ന ചടങ്ങിൽ മന്ത്രി മോൻസ് ജോസഫ് മുതിർന്ന ചലച്ചിത്ര പ്രവർത്തകനും, പ്രമുഖ ബാലസാഹിത്യകാരനുമായ തേക്കിൽകാട് ജോസഫിന് ഓഡിയോ കൈമാറി റിലീസ് ചെയ്തു. പ്രശസ്ത എഴുത്തുകാരൻ ഡോ.ജോർജ് ഓണക്കൂർ, ചിത്രത്തിന്റെ നിർമ്മാതാക്കളായകെ എൻ ബേത്തൂർ, എൽദോ ഔസേപ്പ്.ജിൻസൺ മാത്യു, സംവിധായകൻ ശ്രീജിത്ത് എം.നായർ

അഭിനേതാക്കളായ നിധിൻ രാജ്, ഫാരിസ് സൽമാൻ, അഗസ്റ്റിജോസ്,വിജേഷ് വെണ്മണൽ, ബോസ്സ് നീലേശ്വരം, വിഘ്നേഷ് വാസവൻ,ഗാന രചയിതാക്കളായ സിന്ധു എസ് കുറുപ്പ്, സുനിൽ രാമചന്ദ്രൻ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

'ആരംഭം ഒരു അൽബാനിയോ കഥ' ഈ മാസം 9 ന് റിലീസ് ചെയ്യും. ഹൃദയ സ്പർശിയായ സൗഹൃദത്തിന്റെയും സ്നേഹത്തിന്റെയും കഥ പറയുന്ന ഈ സിനിമ വടക്കൻ കേരളത്തിന്റെ ചുറ്റുവട്ടത്തിലാണ് ഒരുക്കിയിരിക്കുന്നത്.ബാനർ വനശ്രീ ക്രീയേഷൻസ്, ഒ എം. സി. എന്റർടെയിൻ മെന്റ്സ് പി.ആർ.ഒ പി.ആർ. സുമേരൻ.




# ഏകാ മൊബിലിറ്റിക്ക് ആദ്യപകുതിയിൽ വാഹന വിൽപ്പനയിൽ 13 മടങ്ങിലേറെ വളർച്ച

**പൂനെ:** ഇലക്ട്രിക്ക് വാഹന നിർമാതാക്കളായ ഏകാ മൊബിലിറ്റി 2026-27 സാമ്പത്തിക വർഷത്തിന്റെ ആദ്യപകുതിയിൽ വിൽപ്പനയിൽ 13 മടങ്ങിലേറെ വളർച്ച രേഖപ്പെടുത്തി.

സാമ്പത്തിക വർഷത്തിന്റെ ആദ്യപകുതിയിൽ ഏകാ മൊബിലിറ്റി 1,786 ഇലക്ട്രിക് വാണിജ്യ വാഹനങ്ങൾ വിറ്റു. കഴിഞ്ഞ സാമ്പത്തിക വർഷം ഇതേ കാലയളവിൽ 133 വാഹനങ്ങളായിരുന്നു വിൽപ്പന. ഇതോടെ വിൽപ്പനയിൽ 1,243 ശതമാനം വളർച്ചയും 13 മടങ്ങിലേറെ വർധനയും രേഖപ്പെടുത്തി.

ചെറു വാണിജ്യ വാഹനങ്ങളുടെ വിൽപ്പന 79ൽ നിന്ന് 1,286 യൂണിറ്റായി ഉയർന്നു. ബസ് വിൽപ്പന 54ൽ നിന്ന് 500 യൂണിറ്റായും വർധിച്ചു. ബസുകൾക്കും ചെറു വാണിജ്യ വാഹനങ്ങൾക്കും പുറമെ ഈ വർഷം മീഡിയം, ഹെവി കൊമേഴ്സ്യൽ വാഹന വിഭാഗത്തിലേക്കും കമ്പനി പ്രവേശിച്ചു. പൂനെയിലെ രണ്ട് പ്ലാന്റുകൾക്ക് പുറമെ മധ്യപ്രദേശിലെ പിതാംപൂരിൽ മെഗാ നിർമാണ ഹബ് സ്ഥാപിക്കാനുള്ള നടപടികളും പുരോഗമിക്കുകയാണ്.



# എൻവെസ്റ്റ്നെറ്റ് സെനിത് ട്രോഫി 2026; കേരളത്തിന് മികച്ച വിജയത്തോടെ തുടക്കം

**തിരുവനന്തപുരം:** അഖിലേന്ത്യാ വനിതാ ബ്ലൈൻഡ് ക്രിക്കറ്റ് ചാമ്പ്യൻഷിപ്പായ 'എൻവെസ്റ്റ്നെറ്റ് സെനിത് ട്രോഫി 2026' ന് തുടക്കം.ഗ്രീൻഫീൽഡ് ഇന്റർനാഷണൽ സ്റ്റേഡിയത്തിൽ നടന്ന ചടങ്ങ് ഫിഷറീസ് സാമൂഹ്യ നീതി വകുപ്പ് മന്ത്രി അഡ്വ. വി.ഇ. അബ്ദുൾ ഗഫൂർ ഉദ്ഘാടനം ചെയ്തു.

ചാമ്പ്യൻഷിപ്പിലെ ഉദ്ഘാടന മത്സരത്തിൽ ഹരിയാനയെ 10 വിക്കറ്റുകൾക്കാണ് ടീം കേരളം പരാജയപ്പെടുത്തിയത്. നിശ്ചിത 15 ഓവറിൽ ഹരിയാന 8 വിക്കറ്റ് നഷ്ടത്തിൽ 127 റൺസ് എടുത്തപ്പോൾ, മറുപടി ബാറ്റിംഗിനിറങ്ങിയ കേരളം വെറും 9.5 ഓവറിൽ വിക്കറ്റ് നഷ്ടപ്പെടാതെ 128 റൺസ് നേടി ലക്ഷ്യം കണ്ടു. 34 പന്തിൽ 10 ഫോറുകൾ ഉൾപ്പെടെ പുറത്താകാതെ 72 റൺസ് നേടുകയും, 9 റൺസ് മാത്രം വഴങ്ങി 2 വിക്കറ്റ് വീഴ്ത്തുകയും ചെയ്ത അദ്വൈത സന്തോഷ് ആണ് മത്സരത്തിലെ താരം.ഉദ്ഘാടന ചടങ്ങിൽ അദ്വൈതയ്ക്ക് പ്ലെയർ ഓഫ് ദി മാച്ച് പുരസ്കാരവും മന്ത്രി സമ്മാനിച്ചു. ചടങ്ങിൽ വേൾഡ് ബ്ലൈൻഡ് ക്രിക്കറ്റ് കൗൺസിൽ സെക്രട്ടറി ജനറൽ രജനീഷ് ഹെൻറി അധ്യക്ഷത വഹിച്ചു. സി.എ.ബി.കെ. പ്രസിഡന്റ് ജിനീഷ് പി. സ്വാഗതം ആശംസിച്ചു.

ചടങ്ങിന്റെ ഭാഗമായി എൻവെസ്റ്റ്നെറ്റിന്റെ പ്രതിനിധി ചിന്റു ജോയ്, യു.എസ്.ടി. സി.എസ്.ആർ. ഹെഡ് വിനീത് മോഹൻ, സി.എസ്.ആർ. അംബാസഡർ നന്ദ് സുന്ദരം, പി.ആർ. കേരള രോഷ്ണി ദാസ് തുടങ്ങിയവർ പങ്കെടുത്തു. സി ബി കെ യുടെ ആഭിമുഖ്യത്തിൽ ഒക്ടോബർ 8 വരെയാണ് ചാമ്പ്യൻഷിപ്പ് സംഘടിപ്പിച്ചിരിക്കുന്നത്. കേരളം, ഗുജറാത്ത്, ഹരിയാന, പശ്ചിമ ബംഗാൾ, മഹാരാഷ്ട്ര, തെലങ്കാന എന്നീ ആറ് സംസ്ഥാന ടീമുകളാണ് കിരീടത്തിനായി മാറ്റുരയ്ക്കുന്നത്.




# ഹിമാലയ ബേബികെയർ ഗോൾഡൻ ഗിഫ്റ്റ് പാക്ക് മത്സര വിജയികളെ പ്രഖ്യാപിച്ചു

**കൊച്ചി:** ഹിമാലയ ബേബികെയർ മത്സരത്തിലെ വിജയികളെ പ്രഖ്യാപിച്ചു. ഇന്ത്യയിലെ നാല് മേഖലകളിൽ നിന്നായി തിരഞ്ഞെടുത്ത 12 വിജയികളിൽ 4 പേർക്ക് 1 ലക്ഷം രൂപ വീതം മൂല്യമുള്ള സ്വർണ്ണവും, 8 പേർക്ക് 10,000 രൂപ വീതം മൂല്യമുള്ള സിൽവർ വൗച്ചറുകളുമാണ് സമ്മാനമായി ലഭിച്ചത്. ഈ സമ്മാനങ്ങൾ തനിഷ്ക് അല്ലെങ്കിൽ കല്യാൺ ഗോൾഡ് കോയിനുകളായി മാറ്റിയെടുക്കാവുന്നതാണ്.

മാതാപിതാക്കൾക്ക് തങ്ങളുടെ കുഞ്ഞുങ്ങളൊത്തുള്ള അമൂല്യ നിമിഷങ്ങൾ ആഘോഷിക്കാനും പങ്കിടാനും അവസരമൊരുക്കുന്നതായിരുന്നു ഈ സംരംഭം. പാക്കിനുള്ളിലെ ലഘുലേഖയിലെ സ്ക്രാച്ച് ഏരിയ ഉരസി ലഭിക്കുന്ന യുണീക്ക് കോഡും, ക്യുആർ കോഡ് സ്കാൻ ചെയ്ത് കുഞ്ഞുമൊത്തുള്ള ചിത്രവും അപ്‌ലോഡ് ചെയ്താണ് മത്സരത്തിൽ പങ്കെടുക്കേണ്ടിയിരുന്നത്. കൂടാതെ, പങ്കെടുത്ത എല്ലാവർക്കും 500 രൂപ മൂല്യമുള്ള 'മൈ ബേബി & മീ' സൗജന്യ ഇബുക്കും ഉറപ്പായ സമ്മാനമായി ലഭിച്ചു. വിനോദിനി ലിയോ, സുശ്രീ സംഗീത ബ്യൂറ, ജയന്തി ദേവി, ഡേവിഡ് രാജ് ദേവരകൊണ്ട്, സർഫറാസ് അഹമ്മദ് എന്നിവരാണ് ഈ പ്രഖ്യാപനത്തിൽ പ്രത്യേക പരാമർശം നേടിയ പ്രധാന വിജയികൾ.

മാതൃപിതൃത്വത്തെ സവിശേഷമാക്കുന്ന ദൈനംദിന നിമിഷങ്ങൾ ആഘോഷിക്കാനുള്ള അവസരമായിരുന്നു ഗോൾഡൻ ഗിഫ്റ്റ് പാക്ക് മത്സരമെന്നും ഹിമാലയ ബേബി കെയറിൽ ഇത്തരം അർത്ഥവത്തായ ബന്ധങ്ങൾ ഞങ്ങൾ വിലമതിക്കുന്നുവെന്നും ഹിമാലയ വെൽനസ് ബേബി കെയർ ഡയറക്ടർ ചക്രവർത്തി എൻ.വി പറഞ്ഞു.




# വൺപ്ലസ് ഫെസ്റ്റീവ് സെയിൽ ആരംഭിക്കുന്നു

**കൊച്ചി:** ദസറ ആഘോഷങ്ങളുടെ ഭാഗമായി വൺപ്ലസ് ഇന്ത്യ ഫെസ്റ്റീവ് സെയിൽ പ്രഖ്യാപിച്ചു. ഒക്ടോബർ എട്ട് മുതൽ ഓൺലൈൻ, തിരഞ്ഞെടുത്ത ഓഫ്‌ലൈൻ സ്റ്റോറുകൾ വഴി വിൽപ്പന ആരംഭിക്കും. സ്മാർട്ട്ഫോണുകൾ, ടാബ്ലറ്റുകൾ, ഓഡിയോ ഉൽപ്പന്നങ്ങൾ എന്നിവയ്ക്ക് പ്രത്യേക വിലക്കുറവ്, ബാങ്ക് ഡിസ്കൗണ്ട്, നോ കോസ്റ്റ് ഇഎംഐ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങളാണ് ഒരുക്കിയിരിക്കുന്നത്. വൺപ്ലസ് 15ന് 81,999 രൂപയും വൺപ്ലസ് 15ആറിന് 54,999 രൂപയുമാണ് ബാങ്ക് ഓഫറുകൾക്ക് ശേഷമുള്ള ഫലപ്രദമായ വില. വൺപ്ലസ് പാഡ് 4ന് 4,500 രൂപ വരെ ബാങ്ക് ഡിസ്കൗണ്ടും സൗജന്യ സ്റ്റൈലോ പ്രോയും ലഭിക്കും. വൺപ്ലസ് ബഡ്സ് പ്രോ 3ന്റെ ഫലപ്രദമായ വില 8,999 രൂപയാണ്. വൺപ്ലസ് ഡോട്ട് ഇൻ, ആമസോൺ ഡോട്ട് ഇൻ, വൺപ്ലസ് സ്റ്റോർ ആപ്പ് എക്സ്പീരിയൻസ് സ്റ്റോറുകൾ എന്നിവിടങ്ങളിൽ ഓഫറുകൾ ലഭിക്കും.